"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്-വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship ) ധനസഹായം - ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.208/2025/SCSTD തീയതി,തിരുവനന്തപുരം, 22-03-2025

പരാമർശം:-
1. സ.ഉ(സാധാ)നം.286/2024/SCSTDD തീയതി 17.5.2024
2. സ.ഉ(സാധാ)നം.9099/2024/Fin തീയതി 07.12.2024
3. പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ 15.2.2025ലെ SCDD/5097/2024-A1(FIN A) നമ്പർ കത്ത്.
4. സ.ഉ(സാധാ)നം.140/2025/SCSTDD തീയതി 21.2.2025
5. സ.ഉ(സാധാ)നം.1999/2025/Fin തീയതി 03.03.2025

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം 2225-01-277-57-12-(PV) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 133.90 കോടി രൂപയിൽ വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship) Rs. 38,00,00,000/- (മുപ്പത്തിയെട്ട് കോടി രൂപ മാത്രം ) രൂപക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം, Rs.10,00,00,000/-(പത്ത് കോടി രൂപ മാത്രം) രൂപ ധനപുനർവിനിയോഗം (re-appropriation) മുഖേന അനുവദിച്ചിരുന്നു. വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship) 48,00,00,000/- (നാല്പത്തിയെട്ട് കോടി രൂപ മാത്രം ) രൂപ 2225-01-277-57-12-(PV) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി പുതുക്കി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

2. കൂടാതെ, പരാമർശം (5) പ്രകാരം, Rs. 10,89,00,000/- (പത്ത് കോടി എൺപത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപ ധനപുനർവിനിയോഗം (re-appropriation) മുഖേന അനുവദിച്ചിരുന്നു . ഓവർസീസ് സ്കോളർഷിപ്പിന്റെ ചെലവ് ഭരണാനുമതി ലഭിച്ച തുകയേക്കാൾ അധികരിക്കുന്നതിനാൽ ചെലവിന് അനുസൃതമായി ഭരണാനുമതി പുതുക്കേണ്ടതുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള

ഭരണാനുമതി ഉത്തരവിൽ വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship) 48,00,00,000/- (നാല്പത്തിയെട്ട് കോടി രൂപ മാത്രം) രൂപ 2225-01-277-57-12-(PV) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നത് പുതുക്കി 58,89,00,000/- (അമ്പത്തിയെട്ട് കോടി എൺപത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപക്ക് ഭരണാനുമതി നൽകി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

4. പരാമർശം (1), (4) പ്രകാരമുള്ള ഭരണാനുമതി ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHANAVAS KHAN E
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം
ചീഫ് , വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide WW-WW3/159/2024-FIN)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 24-03-2025 15:05:56
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്